എം. എൻ. വിജയൻ സാംസ്കാരിക വേദി

നയസമീപന രേഖ

(കരട്)

സംസ്ഥാന കൺവെൻഷൻ

മാർച്ച് 7, 8 പാലക്കാട്

ആഗോളസാമ്രാജ്യത്വ മൂലധനവ്യവസ്ഥ ജനജീവിതത്തിന്റെ സമസ്ത തലങ്ങളിലും അധീശത്വമുറപ്പിച്ചു കഴിഞ്ഞിരിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ, വിമോചനത്തിലേക്ക് കുതിക്കാൻ ശ്രമിക്കുന്ന ജനകീയ ഇച്ഛാശക്തിക്കൊപ്പം നിലയുറപ്പിച്ചുകൊണ്ടു മാത്രമേ സാംസ്കാരിക പ്രവർത്തകർക്ക് അവരുടെ ചരിത്രപരമായ ദൗത്യം നിർവ്വഹിക്കാനാകൂ.

രാജ്യാതിർത്തികൾ ഭേദിച്ചുകൊണ്ട് അതിക്രമിച്ചു കയറുന്ന രാഷ്ട്രാന്തരിയ കോർപ്പറേറ്റ് മൂലധനശക്തി, അധ്വാനശക്തിയുടെ സമൂലമായ നിരാസത്തിൽ അഹങ്കരിക്കുകയും നമ്മുടെ പ്രകൃതിസമ്പത്തുപോലും ദുരമൂത്ത കൊള്ളയ്ക്കു വിധേയമാക്കുകയും, പ്രകൃതിയുടെ നിലനില്പും ജീവന്റെ തുടിപ്പും ഇല്ലാതാക്കുകയും ചെയ്യുന്ന അത്യന്തം അപകടകരമായ നീക്കത്തിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്നു.

ആഗോളവല്കരണത്തിന്റെ സമകാലീന സാഹചര്യത്തിൽ ഫിനാൻസ് മൂലധനത്തിന്റെ സർവ്വാധിപത്യം ജനജീവിതത്തിന്റെ സമസ്ത തലങ്ങളെയും വരിഞ്ഞു മുറുക്കുമ്പോൾ അതിന്റെ സൂക്ഷ്മസാന്നിദ്ധ്യം തിരിച്ചറിഞ്ഞ് അതിനെ പരാജയപ്പെടുത്താനുള്ള രാഷ്ട്രീയ ഇച്ഛാശക്തി നാം നേടിയെടുത്തേ മതിയാവൂ. സർക്കാർതലത്തിലും സർക്കാരേതരതലത്തിലും, സൗജന്യധനസഹായത്തിന്റെയും വായ്പയുടെയും മെഗാഫൈനാൻസിംഗ് നമ്മുടെ സാമ്പത്തിക ജീവിതത്തിലേക്ക് ഇരച്ചുകയറുന്നു. ഗ്രാമീണതലത്തിൽ മൈക്രോഫൈനാൻസിംഗിന്റെ തന്ത്രപരമായ ബാധ്യതകൾക്കു നാം കഴുത്തു നീട്ടിക്കൊടുക്കുന്നു. ധനകാര്യമൂലധനത്തിന്റെ സമഗ്രാധിപത്യത്തിനെതിരെയുള്ള അനുരഞ്ജനമില്ലാത്ത പോരാട്ടത്തിനു സമയമായിരിക്കുന്നു.

നഷ്ടപ്പെടാൻ ധനകാര്യബന്ധനത്തിന്റെ ചങ്ങലകൾ മാത്രം. നേടിയെടുക്കാനുള്ളത് സാമ്പത്തിക പരമാധികാരത്തിന്റെ സാമ്പത്തിക-രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ പുതിയൊരു ലോകവും.

ഒന്ന്

മുതലാളിത്തം സാമ്രാജ്യത്വമായി വികസിക്കുകയും മൂലധനാധിപത്യം ലോകം മുഴുവൻ വ്യാപിക്കുകയും ചെയ്ത ക്ലാസിക്കൽ കൊളോണിയലിസത്തിന്റെ കാലം രക്തപങ്കിലമാണ്. ഭൂപരമായി കോളണികൾ വെട്ടിപ്പിടിച്ചും ദേശീയജനതകളുടെ സമ്പത്തും രക്തവും ഊറ്റിക്കുടിച്ചും ലോകജനതയ്ക്ക് കൊടിയദുരിതാനുഭവങ്ങൾ നല്കിയ ക്ലാസിക്കൽ കൊളോണിയലിസത്തിന്റെ നിർദ്ദയ രാഷ്ട്രീയമാണ് ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളിലൂടെ വെളിപ്പെട്ടത്.

ബ്രിട്ടീഷ് കൊളോണിയലിസ്റ്റുകൾ തദ്ദേശീയ പിൻതിരിപ്പൻ നാടുവാഴികളുമായി ഒത്തുചേർന്നു സ്ഥാപിച്ച അധികാരവ്യവസ്ഥയ്ക്കെതിരെ ദേശീയബോധത്താൽ പ്രചോദിതരായ ജനത, രണോത്സുക പ്രതിരോധത്തിലൂടെ ജീവിതം മനുഷ്യോചിതമാക്കിത്തീർക്കാൻ നടത്തിയ പരിശ്രമങ്ങൾ മലയാളജനതയുടെ സാംസ്കാരികചരിത്രത്തിൽ അടയാളപ്പെട്ടുകിടക്കുന്നുണ്ട്. മതാധിഷ്ഠിതമായ ചാതുർവർണ്യ രാഷ്ട്രീയാധികാര ഘടനയ്ക്കെതിരെ നടന്ന കീഴാളവർഗ്ഗസമരങ്ങൾ, നാടുവാഴിത്തത്തിന്റെയും ഭൂപ്രഭുത്വത്തിന്റെയും അടി

വേരുകൾ കൊത്തിമുറിച്ച മനുഷ്യാവകാശസമരങ്ങളായിരുന്നു. കീഴാളമനുഷ്യാവകാശസമരങ്ങളുടെ വർഗ്ഗപരമായ ഉള്ളടക്കം, അവയെത്തുടർന്നുണ്ടായിവന്ന കർഷക-കർഷകത്തൊഴിലാളിസമരങ്ങളുടെയും, ട്രേഡ്യൂണിയൻ സമരങ്ങളുടെയും വർഗ്ഗപരമായ ഉള്ളടക്കത്തിൽനിന്നു ഭിന്നമായിരുന്നില്ല. ബ്രിട്ടീഷ് കൊളോണിയലിസത്തിനെതിരെ നാടുവാഴികൾ നടത്തിയ ആദ്യകാല കലാപങ്ങളിൽ വിദേശ കൊളോണിയൽ വിരുദ്ധതയുടെ സാന്നിദ്ധ്യമുണ്ട്. എങ്കിലും, ഇന്ത്യൻ നാടുവാഴിത്തത്തെ നിർവ്വചിക്കുന്ന ജാതി-രാഷ്ട്രീയാധികരാവ്യവസ്ഥ, നാടുവാഴിത്തത്തെത്തന്നെ ഒരു ആഭ്യന്തര കൊളോണിയൽ അധികാരവ്യവസ്ഥയാക്കി മാറ്റിയിരുന്നു. ജന്മി നാടുവാഴിത്തത്തിന്റെ ആഭ്യന്തരകൊളോണിയലിസസത്തിനെതിരെ നടന്ന കീഴാളപക്ഷ അവകാശസമരങ്ങൾ പില്ക്കാലത്ത് ബ്രിട്ടീഷ് സാർവ്വദേശീയ കൊളോണിയലിസത്തിനെതിരെ നടന്ന ബൃഹത്തായ ദേശീയജനാധിപത്യ സമരങ്ങളുടെ ദർശനത്തെ പ്രചോദിപ്പിക്കുന്നുണ്ട്. കയ്യൂർ-പുന്നപ്ര-വയലാർ സമരങ്ങൾക്കെതിരെ ബ്രിട്ടീഷ് കൊളോണിയലിസവും നാടുവാഴിത്തവും സംയുക്തമായ ആക്രമണം നടത്തുമ്പോൾ, ആഭ്യന്തര കൊളോണിയലിസത്തിന്റെയും സാർവ്വദേശീയ കൊളോണിയലിസത്തിന്റെയും അധികാര താല്പര്യങ്ങൾ തമ്മിലുള്ള ഐക്യരൂപ്യം വെളിപ്പെടുകയായിരുന്നു. ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യസമരമെന്നത്, വിദേശ ഭരണാധികാരികൾക്കെതിരെ തദ്ദേശഭരണവർഗ്ഗമോ, നാടുവാഴിത്തമോ നടത്തിയ വിഫലമായ അധികാരത്തർക്കങ്ങളല്ല, മറിച്ച്, ആഭ്യന്തരകൊളോണിയലിസത്തിനും, സാർവ്വദേശീയ കൊളോണിയലിസത്തിനുമെതിരെ, ഇന്ത്യൻ ജനജീവിതത്തിന്റെ വിവിധതലങ്ങളിൽനിന്ന്, വിവിധഘട്ടങ്ങളിൽ ഉയർന്നുവന്ന സമരങ്ങളുടെ ആകെത്തുകയാണ്.

രണ്ടാം ലോകമഹായുദ്ധത്തിന്റെ ഘട്ടത്തിലാണ് ക്ലാസ്സിക്കൽ കൊളോണിയലിസത്തിന്റെ ഹൃദയശൂന്യതയ്ക്കെതിരെ സാർവ്വദേശീയ തലത്തിൽ സാംസ്കാരിക പ്രതിരോധമുയർന്നുവന്നത്. നാസി കോൺസെൻട്രേഷൻ ക്യാമ്പുകളിൽ നിന്ന് മനുഷ്യന്റെ പച്ച ജീവൻ പിച്ചിച്ചീന്തുന്ന സാഡിസ്റ്റ് ഉന്മാദത്തിന്റെ ആക്രോശങ്ങളാണ് പുറത്തുവന്നതെങ്കിൽ, ഹിരോഷിമയിലും നാഗസാക്കിയിലും കേട്ടത് ആണവത്തീയിൽ വെന്തുകരിയുന്ന മനുഷ്യഭ്രൂണത്തിന്റെ നിലവിളികളാണ്. ഇത്തരമൊരു ചരിത്രസന്ധിയിലാണ് നിഷ്പക്ഷതയുടെ കപടമുഖം വലിച്ചു കീറിക്കൊണ്ട് ദന്തഗോപുരത്തിന്റെ തലയുടച്ചുകൊണ്ട്, മനുഷ്യസ്നേഹത്തിന്റെ ചേരിയിൽ നിന്നു യുദ്ധംചെയ്യുന്ന എഴുത്തുകാരന്റെ സാന്നിദ്ധ്യം സാർവ്വദേശീയ തലത്തിൽ രൂപപ്പെട്ടത്. ഹിംസാത്മകമായ അധിനിവേശ ഭീകരതയ്ക്കെതിരെ സോഷ്യലിസ്റ്റ് റിയലിസത്തിന്റെയും, പുരോഗമനകലാസാഹിത്യ ദർശനത്തിന്റെയും പ്രതിരോധങ്ങളുണ്ടായത്. കേരളത്തിൽ ജീവൽസാഹിത്യ പ്രസ്ഥാനവും പുരോഗമനസാഹിത്യ പ്രസ്ഥാനവും രൂപമെടുക്കുന്നത് ഈ സാർവ്വദേശീയ സാംസ്കാരിക പരിസരത്തിൽനിന്നാണ്.

രണ്ട്

1947-ൽ മഹത്തായ ജനകീയ പോരാട്ടത്തിലൂടെ ബ്രിട്ടീഷ് കൊളോണിയൽ ആധിപത്യത്തിന് അറുതിവരുത്താൻ നമുക്കു സാധിച്ചുവെങ്കിലും ഒരു യഥാർത്ഥ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടമായി അതു വികാസം പ്രാപിച്ചിരുന്നില്ല. സാമ്രാജ്യത്വമൂലധന വ്യവസ്ഥ നേരിട്ട സാമ്പത്തിക രാഷ്ട്രീയ പ്രതിസന്ധിയിൽനിന്നാണ് ഫാസിസ്റ്റ് യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടത്. ഭൂപരമായി കോളണികൾ വെട്ടിപ്പിടിച്ച് സൈനികാധിപത്യത്തിലൂടെ തങ്ങളുടെ അധീശത്വം ലോകജനതയ്ക്കു മേൽ അരക്കിട്ടുറപ്പിക്കുവാൻ ശ്രമിച്ച സാമ്രാജ്യത്വ

ശക്തികൾക്കിടയിലെ കിടമൽസരവും, അതിന്റെ വിനാശകരമായ തകർച്ചയും കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ക്ലാസിക്കൽ കൊളോണിയലിസത്തിന്റെ അടിത്തറയിളക്കി. ലോകമേധാവിത്വശക്തിയായിരുന്ന ബ്രിട്ടന്റെ പതനവും ജപ്പാൻ, ജർമ്മനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളുടെ സാമ്പത്തിക മേധാവിത്വത്തിന്റെ തകർച്ചയും ഒരു ഭാഗത്തു സംഭവിച്ചപ്പോൾ, അമേരിക്കൻ ഐക്യനാടുകൾ ഒരു പുത്തൻ സാമ്രാജ്യത്വ അധികാരശക്തിയായി ഉയർന്നു വന്നു.

ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ സാമ്രാജ്യത്വശക്തികൾക്കെതിരെ മനുഷ്യമോചനത്തിന്റെ പ്രതീക്ഷയായി ഉയർന്നുവന്ന സോവിയറ്റ് യൂണിയന്റെ മാനവിക പ്രതിരോധവും, രണ്ടാം ലോകമഹായുദ്ധത്തിന്റെ അന്ത്യത്തിൽ രൂപംകൊണ്ട സോഷ്യലിസ്റ്റ് ക്യാമ്പിനുണ്ടായ വിജയവും ലോകത്തെമ്പാടും ഉയർന്നുവന്ന വിമോചനപ്പോരാട്ടങ്ങളും സാമ്രാജ്യത്വമൂലധനാധിപത്യശക്തികൾക്ക് കനത്തവെല്ലുവിളികളുയർത്തി. അത്തരമൊരു സാഹചര്യത്തിൽ, സൈനികമായ അതിക്രമബലം ഒന്നുകൊണ്ടുമാത്രം കൊളോണിയൽ താല്പര്യങ്ങൾ വ്യാപിപ്പിക്കുവാൻ കഴിയുകയില്ല എന്നു കണ്ടറിഞ്ഞ യു.എസ്. സാമ്രാജ്യത്വം അധിനിവേശത്തിന് പുത്തൻ തന്ത്രങ്ങൾ മെനഞ്ഞു. ലോകബാങ്ക് ഐ.എം.എഫ്. തുടങ്ങിയ ആഗോളധനകാര്യസ്ഥാപനങ്ങൾ വഴി മൂന്നാംലോകരാജ്യങ്ങൾക്ക് വായ്പയും മറ്റു ധനകാര്യസഹായങ്ങളും നല്കിയും, ശാസ്ത്രസാങ്കേതികവിദ്യാകയറ്റുമതികളിലൂടെ മൂന്നാം ലോകരാജ്യങ്ങൾക്കുമേൽ മേധാവിത്വമുറപ്പിച്ചും അന്താരാഷ്ട്ര കരാറുകൾ വഴി മൂന്നാംലോകരാജ്യങ്ങളുടെ ഉല്പാദന-വ്യാപാരസ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തിയും, സാർവ്വദേശീയ മൂലധന സർവ്വാധിപത്യത്തിന്റെ കരുക്കൾ നീക്കിക്കൊണ്ടാണ് പുത്തൻ കൊളോണിയലിസം അധിനിവേശത്തിന്റെ സൈനികേതരബദലുകൾ രൂപപ്പെടുത്തിയത്. ആത്മീയ-ധർമ്മരക്ഷാസ്ഥാപനങ്ങളെ ധനകാര്യ അധിനിവേശത്തിന്റെ ഉപകരണങ്ങൾ എന്ന നിലയിൽ രാഷ്ട്രീയമായി ഉപയോഗിച്ചുകൊണ്ടിരുന്ന നിയോ കൊളോണിയലിസം, മതേതര സർക്കാരേതര സന്നദ്ധസംഘടനകളെ ലോകമെമ്പാടും വിന്യസിച്ചുകൊണ്ട് ധനകാര്യാധിനിവേശത്തിന്റെ ഒരു നവമണ്ഡലം വികസിപ്പിച്ചെടുക്കുകയും ചെയ്തു.

പുത്തൻ കൊളോണിയൽ ചൂഷണ രീതിയുടെ മുഖ്യതന്ത്രം സാമ്രാജ്യത്വമൂലധനത്തിന്റെ ധനകാര്യാധിനിവേശത്തിന് മൂന്നാം ലോകരാജ്യങ്ങളെ കീഴ്പ്പെടുത്തുക എന്നതാണ്. മൂന്നാം ലോകരാജ്യങ്ങളിലെ ഭരണാധികാരികളെയും രാഷ്ട്രീയ നേതൃത്വത്തെയും ഉദ്യോഗസ്ഥമേധാവികളെയും കമ്മിഷൻ വ്യവസ്ഥയിലൂടെ സ്വാധീനിച്ച് തങ്ങളുടെ വിശ്വസ്ത ദല്ലാളന്മാരാക്കിത്തീർക്കുന്ന ഒരു രാഷ്ട്രീയ പ്രയോഗമാണ് സർവ്വദേശീയ തലത്തിൽ സമർത്ഥമായി നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ യു.പി.എ.- ഇടതുപക്ഷ- ബി.ജെ.പി. ഭരണാധികാരികൾ, ധനകാര്യാധിനിവേശ സ്ഥാപനങ്ങളുടെ ആജ്ഞാനുവർത്തികളും ലക്ഷണമൊത്തെ ദല്ലാളന്മാരുമായിത്തീരാൻ മത്സരബുദ്ധിയോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ കോളണീകൃത രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഘടനയ്ക്കുള്ളിൽ നില്ക്കുന്ന ഒരാളുടെയും ആദർശത്തിനോ, നിശ്ചയബോധത്തിനോ, നിശ്ചയ ചാഞ്ചല്യത്തിനോ, ഇന്ത്യൻ - രാഷ്ട്രീയ- സാമ്പത്തിക മണ്ഡലത്തിൽ സംഭവിച്ചിരിക്കുന്ന സമഗ്രമായ ധനകാര്യാധിനിവേശത്തിന് പരിഹാരമായിത്തീരാൻ കഴിയുകയില്ല. ധനകാര്യാധിനിവേശത്തിനെതിരെയുള്ള ബൃഹത്തായ ജനകീയ സമരത്തിലൂടെമാത്രമേ, ജനകീയ സമരപ്രസ്ഥാനങ്ങളുടെ സാർവ്വദേശീയവും വർഗ്ഗബോധാധിഷ്ഠിതവുമായ ഐക്യത്തിലൂടെ മാത്രമേ,സാമ്രാജ്യത്വ ആഗോള

വല്ക്കരണം എന്ന സമഗ്രാധിനിവേശത്തെ പരാജയപ്പെടുത്താൻ കഴിയുക യുള്ളൂ.

മുൻ സോഷ്യലിസ്റ്റ് രാഷ്ട്ര സമൂഹങ്ങളുടെ തകർച്ചയ്ക്കുള്ള കാരണങ്ങൾ സ്വയം വിമർശാത്മകമായി പരിശോധിക്കേണ്ടിയിരിക്കുന്നു. സോഷ്യലിസ്റ്റ് ഭരണകൂടങ്ങൾ, ജനവിരുദ്ധങ്ങളായ അധികാരകേന്ദ്രങ്ങളായി മാറുകയും, ഭരണാധികാരികൾ ജനങ്ങളിൽനിന്ന് അന്യവല്ക്കരിക്കപ്പെടുകയും, സോഷ്യലിസ്റ്റ് ഭരണസ്ഥാപനങ്ങളുടെ ഇടനാഴികളിൽ കാണിഗി ഫൗണ്ടേഷൻ, ഫോർഡ് ഫൗണ്ടേഷൻ, സിഡ തുടങ്ങിയുള്ള കൊളോണിയൽ ധനകാര്യസ്ഥാപനങ്ങൾ നയതന്ത്രനിർവ്വഹണം സാധിക്കുകയും ചെയ്തു. യഥാർത്ഥ സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ഹൃദയവ്യാസം വർദ്ധിപ്പിക്കുന്ന ഉൾപ്പാർട്ടി ജനാധിപത്യത്തിന്റെ ശോഷണത്തിൽനിന്നാണ് ഈ ദുരന്തം സംഭവിച്ചതെന്നും, സർഗ്ഗാത്മക ജനാധിപത്യത്തെ ഭൂരിപക്ഷമേൽക്കോയ്മയുടെ കൃത്രിമപദ്ധതിയാക്കിത്തീർക്കുന്ന മൂലധനാധിഷ്ഠിത ജനാധിപത്യത്തിന്റെ സ്വാധീനമാണ് ഈ തകർച്ചയ്ക്കു കാരണമെന്നും തിരിച്ചറിയേണ്ടതുണ്ട്. സോഷ്യലിസ്റ്റ് ഭരണ വ്യവസ്ഥയുടെ തകർച്ച, ആ രാഷ്ട്രസമൂഹത്തെ വംശീയ-വർഗ്ഗീയ കലാപങ്ങളുടെ ശിഥില ഭൂമിയാക്കിത്തീർത്തു. യു.എസ്. സാമ്രാജ്യത്വം സാർവ്വദേശീയതലത്തിൽ അരങ്ങുതകർത്താടുകയും, മൂന്നാംലോകരാജ്യങ്ങളെ ധനകാര്യ അടിമത്വവല്ക്കരണത്തിനു കീഴ്പ്പെടുത്തുന്നതും, ലോകമെങ്ങും ഭീകരപ്രസ്ഥാനങ്ങളെയും വംശീയവിഘടനാ പ്രസ്ഥാനങ്ങളെയും കെട്ടഴിച്ചു വിടുന്നതും ഒരു പ്രവണതയായി മാറിയത് ഇതോടെയാണ്. ലോകജനത രക്തരൂക്ഷിതമായ ഒരു ഭീകരാവസ്ഥയിലേക്ക് എടുത്തെറിയപ്പെടുകയും; അവരുടെ ജീവിതത്തിന്റെ കൈകാലുകൾ ധനകാര്യബാദ്ധ്യതകളുടെ ചങ്ങലകൾകൊണ്ട് ബന്ധിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അഫ്ഗാനിസ്ഥാനിലെയും ഇറാക്കിലെയും, ഹെയ്തിയിലെയും, ടിമോറിലെയും, ബോസ്നിയയിലെയും അറവുപുരകളിൽ ലക്ഷക്കണക്കിനു മനുഷ്യർ കൊലചെയ്യപ്പെടുകയും അവരുടെ രക്തം, വർഗ്ഗീയ ഭീകരവാദത്തിന്റെ രൂപത്തിൽ, നമ്മുടെ വീട്ടുമുറ്റത്തേക്ക് ഒഴുകിയിറങ്ങുകയും ചെയ്തുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ കടക്കെണിയിലും, ലൈംഗിക കടക്കെണിയിലും കാർഷിക കടക്കെണിയിലുംപെട്ട് കുടുംബങ്ങൾ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നു. നിർദ്ധനരും, തൊഴിൽരഹിതരുമായ ചെറുപ്പക്കാരുടെ കൈകളിൽ, ഭീകരവാദത്തിന്റെ ആയുധങ്ങൾ പിടിപ്പിച്ച് അവരെ കാശ്മീരിൽ കൊണ്ടുപോയി കശാപ്പുചെയ്യുന്ന 'ഫണ്ടിംഗ് ഏജൻസികൾ' നമ്മുടെ ഗ്രാമീണ ജീവിതത്തിന്റെ താഴ്വാരങ്ങളിലേക്ക് ഇറങ്ങിവന്നിരിക്കുന്നു. ധനകാര്യാധിനിവേശം, ധനകാര്യഭീകരതയായി രൂപപ്പെടുന്നതിന്റെ വ്യക്തമായ ചിത്രമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. യു.എസ്. കൊളോണിയലിസം, 'വികസന'ത്തിന്റെ ധനകാര്യതന്ത്രത്തോടൊപ്പം വംശീയഭീകരതയുടെ ആയുധങ്ങളും മൂന്നാംലോകരാജ്യങ്ങളിലേക്ക് ഇറക്കുമതി ചെയ്തിരിക്കുന്നു. വികസനത്തിനാവശ്യമായ ധനകാര്യസഹായ വിദ്യയും, ഹിംസാത്മകമായ ഭീകരതയും നിയോകൊളോണിയലിസത്തിൽ ഉദ്ഗ്രഥിക്കപ്പെട്ടിരിക്കുന്നു എന്നതിനാൽ നരേന്ദ്രമോഡി അത്തരമൊരു ഉദ്ഗ്രഥനത്തിന്റെ സാക്ഷാൽക്കാരമായിത്തീരുന്നു. 'ഐശ്വര്യകേരളം' എന്ന മദ്രാവാക്യവുമായി ഇപ്പോൾ തെരുവിലേക്കിറങ്ങിവരുന്ന അധിനിവേശ ദല്ലാളന്മാർ, ഗുജറാത്ത് മാതൃകയിൽ കേരളത്തെ വികസിപ്പിക്കുമെന്ന വാഗ്ദാനത്തിന്റെ വാൾത്തലയാണ്.

എന്താണ് കേരളത്തിന്റെ ആസന്നചരിത്രദൗത്യം? ആഗോളധനകാര്യാധിനിവേശ ഭീകരതയ്ക്കു മുകളിലൂടെ ഒഴികിപ്പോവുന്ന ഐശ്വര്യസമൃദ്ധിയുടെ വാചകകസർത്തുകൾ കേരളീയ ജീവിതത്തെ ഗുണപരമായി മാറ്റുക

യില്ല എന്നതുകൊണ്ടുതന്നെ അധിനിവേശ ശക്തികൾക്കെതിരെയുള്ള പോരാട്ടം കേരളത്തിന്റെ അടിയന്തരകടമയായിത്തീരുന്നു.

1935-ൽ ജീവൽസാഹിത്യ-പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് എഴുത്തുകാരെ പ്രേരിപ്പിച്ചത് ലോകമഹായുദ്ധഭീകരതയും, ആഗോളസാമ്പത്തികത്തകർച്ചയുമാണ്. ദേശീയ മൂലധനശക്തികൾ ബഹുരാഷ്ട്രമൂലധനശക്തികളുടെ ഭാഗമായി പരിവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ദശാസന്ധിയിൽ, ആഗോളധനകാര്യസ്ഥാപനങ്ങളും, ആഗോളവിപണിയും നമ്മുടെ സാമ്പത്തിക ഭാഗ്യവിധാതാക്കളായി മാറിയിരിക്കുന്നു. സാർവ്വദേശീയ മൂലധനപ്പെരുക്കത്തിന്റെ അയുക്തികതയിൽനിന്നും മുതലാളിത്തത്തിന്റെ ആഭ്യന്തര പ്രതിസന്ധിയിൽ നിന്നും ഉണ്ടായിവരുന്ന ഭയാനകമായ സാമ്പത്തിക വീഴ്ചയുടെ ഇരകളായി നാം ആഗോളവല്ക്കരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. തൊഴിലിന്റെ മൂല്യം ഇടിയുകയും അദ്ധ്വാനചൂഷണത്തിനെതിരെയുള്ള പ്രതിരോധം അസാധ്യമായിത്തീരുകയും ചെയ്തിരിക്കുന്നു. കൊല്ലലിന്റെയും കൊലവിളിയുടെയും അലർച്ച നമ്മുടെ ജീവിതരക്ഷാബോധത്തെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഈ സാഹചര്യത്തിൽ 1935-ൽ മുഴങ്ങിക്കേട്ട ശബ്ദം ആവർത്തിക്കപ്പെടുന്നു: എഴുത്തുകാരെ സാംസ്കാരിക പ്രവർത്തകരെ, നിങ്ങൾ എവിടെ നില്ക്കുന്നു? അധികാര ദാസ്യത്തിന്റെ ഔദ്യോഗിക പദവിക്കുവേണ്ടി ആത്മാവിനെ വില്ക്കുകയും, അധികാരസ്ഥാനീയരുടെ അന്നപാത്രത്തിലിരുന്നുകൊണ്ട് അവർക്കുവേണ്ടി കുരയ്ക്കുകയും ചെയ്യുന്ന സാംസ്കാരിക മുഖംമൂടികൾ മാധ്യമവാഴ്ച നിർവ്വഹിക്കുന്ന ഇക്കാലത്ത്, ധനകാര്യാധനിവേശ ഭീകരതയ്ക്കെതിരെയുള്ള മാനവിക പ്രതിരോധം സാംസ്കാരിക പ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്തമായി മാറിയിരിക്കുന്നു.

മൂന്ന്

കേരളത്തിലെ ഫ്യൂഡൽ വിരുദ്ധ- കൊളോണിയൽ വിരുദ്ധസമരങ്ങളുടെ രാഷ്ട്രീയ ഭൂമിക കൊളോണിയൽ വിരുദ്ധ സാംസ്കാരിക പ്രതിരോധവുമായി ബന്ധപ്പെട്ടുകൂടിയാണ് ശക്തി പ്രാപിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യത്തിലാരംഭിച്ച അയ്യൻകാളി-ശ്രീനാരായണ സമരപ്രസ്ഥാനങ്ങളിലൂടെ ജനകീയവല്ക്കരിക്കപ്പെട്ട സാംസ്കാരിക രാഷ്ട്രീയത്തിന് കൃത്യമായ പിൻതുടർച്ചയുണ്ടായി. അത് 'അടുക്കളയിൽനിന്ന് അരങ്ങത്തേ'ക്കും, വിധവാവിവാഹനീതിക്കും വേണ്ടിയുള്ള സ്ത്രീവാദസമരങ്ങളായി മാറി. പില്ക്കാലത്ത്, കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ധാർമ്മികവും വൈകാരികവുമായ അനുഭവമണ്ഡലം പ്രദാനം ചെയ്ത പുരോഗമന നാടക പ്രസ്ഥാനമായും, ജനകീയ കഥാപ്രസ്ഥാനമായും അതു മലയാളിയുടെ സെക്കുലർ രാഷ്ട്രീയ ജീവിതത്തിലേക്കു പടർന്നുകയറി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആന്ത്യദശകത്തിൽ പുറത്തുവന്ന പോത്തേരി കുഞ്ഞമ്പുവിന്റെയും, ഒ. ചന്തുമേനോന്റെയും നോവലുകൾ, ആ കാലഘട്ടത്തിലെ യാഥാസ്ഥിതികനാടുവാഴിത്തത്തിന്റെ മൂല്യവ്യവസ്ഥയ്ക്കും വൈദികമതാധിഷ്ഠിതമായ ലൈംഗിക കീഴ്വഴക്കങ്ങൾക്കും ദായക്രമങ്ങൾക്കുമെതിരെ കടുത്ത വെല്ലുവിളികളുയർത്തി. പക്ഷേ, ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ രാഷ്ട്രീയ പ്രത്യയശാസ്ത്രത്തെ പ്രതിരോധിക്കുന്നതിനും തിരിച്ചറിയുന്നതിനും അവർക്കായില്ല.

ചന്തുമേനോന്റെ നോവലുകൾ ഉപരിവർഗ്ഗസമുദായത്തിലെ ബ്രാഹ്മണ ലൈംഗിക കോയ്മയ്ക്കെതിരെ, പ്രണയത്തിന്റെയും വ്യക്തിത്വത്തിന്റെയും സ്വാതന്ത്ര്യാശയങ്ങൾ ഉയർത്തിപ്പിടിച്ചു എങ്കിലും അത് വൈദികബ്രാഹ്മണ്യാ

ധിപത്യത്തിനെതിരെ ഉപരിവർഗ്ഗ പ്രഭുസമൂദായത്തിൽ രൂപപ്പെട്ട തീക്ഷ്ണ നിഷേധങ്ങൾക്കപ്പുറത്തേക്കു കടന്ന് സാമാന്യ മാനവിക നീതിയുടെ അടർക്കളത്തിലേക്ക് ഇറങ്ങിവന്നില്ല. വൈഷ്ണവ ഭക്തി പ്രസ്ഥാനത്തിലൂടെ ഉയർത്തപ്പെട്ട എഴുത്തച്ഛൻ ബിംബത്തിലമർന്നിരിക്കുന്ന ദൈവനീതിയുടെ പ്രത്യയശാസ്ത്രത്തിലെ ബ്രാഹ്മണിക്കൽ കോയ്മക്കെതിരെയുള്ള കലാപമായിരുന്നു അതെങ്കിലും സംസ്കാരത്തെ മലീമസമാക്കുന്ന മനുഷ്യാവകാശവിരുദ്ധമായ ചാതുർവർണ്യരാഷ്ട്രീയ വ്യവസ്ഥയ്ക്കെതിരെയുള്ള കീഴാളപക്ഷ വികാരത്തെ ഉൾക്കൊള്ളാൻ അതിനു കഴിഞ്ഞില്ല. വൈദികാധിപത്യബദ്ധമായ ആഭ്യന്തര കൊളോണിയലിസത്തിനെതിരെ ഒരു നിലപാടു സ്വീകരിച്ചുകൊണ്ട് ക്ലാസിക്കൽ കൊളോണിയലിസത്തിന്റെ ഉല്പന്നങ്ങളായ ഇംഗ്ലീഷ് ഭാഷയെയും ക്രിസ്തുമതത്തെയും ജീവിതത്തിലേക്കു സ്വാഗതം ചെയ്യുന്ന കുഞ്ഞമ്പുവാകട്ടെ- ആഭ്യന്തര കൊളോണിയലിസത്തിന്റെ നീചഭൂതലങ്ങളിൽ ചവിട്ടിത്താഴ്ത്തപ്പെട്ട ദളിതന്റെ ഉത്ഥാനത്തെയാണ് ചർച്ചാവിഷയമാക്കിയത്. ബ്രാഹ്മണകന്യകയെ വേൾക്കുന്ന ദളിതനെ മാത്രമല്ല, സ്മാർത്തവിചാരം നടത്തി ഭ്രഷ്ട് കല്പിക്കപ്പെടുന്ന നമ്പൂതിരിസ്ത്രീയേയും കുറ്റബോധത്തിന്റെ കുത്തേറ്റു ചിതറിപ്പോവുന്ന വൈദികപ്രതിനായകത്വത്തെയും കുഞ്ഞമ്പു സഹാനുഭൂതിയോടെ ആവിഷ്കരിച്ചു. ആഭ്യന്തര കൊളോണിയലിസത്തിനെതിരെയുള്ള സമ്പൂർണ്ണകലാപം കുഞ്ഞമ്പുവിന്റെ കൃതിയിലുണ്ടായിരുന്നുവെങ്കിലും, ഇംഗ്ലീഷ് ഭാഷയിലും ക്രിസ്തുമതത്തിലുമമർന്നു കിടന്നിരുന്ന ക്ലാസിക്കൽ കൊളോണിയലിസത്തിന്റെ കുടിലതയ്ക്കെതിരെ നിശിതമായ ഒരു വീക്ഷണം മലയാളത്തിൽ രൂപപ്പെടുന്നത് കുഞ്ഞമ്പുവിന്റെ സരസ്വതി വിജയം പുറത്തുവന്നു മൂന്നു പതിറ്റാണ്ടു കഴിഞ്ഞശേഷം മാത്രമാണ്. (മനുഷ്യ സമത്വത്തിൽ സ്ത്രീ-പുരുഷസമത്വത്തിന്റെ അർത്ഥതലം കൂടി അമർന്നു കിടപ്പുണ്ട് എന്നു നിർദ്ദേശിക്കാനും കുഞ്ഞമ്പുവിന് കഴിഞ്ഞിട്ടുണ്ട്. 1850 കളിൽ കേരളത്തിൽ പലയിടങ്ങളിലായി പൊട്ടിപ്പുറപ്പെട്ട മനുഷ്യാവകാശ- സ്ത്രീവാദസമരങ്ങൾ കുഞ്ഞമ്പുവിന്റെ വീക്ഷണത്തെ തീക്ഷ്ണമായി സ്വാധീനിച്ചിരുന്നു.)

ചന്തുമേനോനിൽ നിന്നും കുഞ്ഞമ്പുവിൽ നിന്നുമാരംഭിക്കുന്ന ആഭ്യന്തര കൊളോണിയൽ വിരുദ്ധ വൈദികവിരുദ്ധ സാഹിത്യം, കവിത്രയത്തിന്റെ കാലമെത്തുമ്പോൾ പുരാണേതിഹാസപ്രമാണങ്ങളെ നിരസിക്കുകയും, ഭക്തി പ്രസ്ഥാന സ്വാധീനത്തെ പുറന്തള്ളുകയും ചെയ്യുന്ന ഒരു സെക്കുലർ സാഹിത്യ സാംസ്കാരിക പ്രവർത്തനത്തിനു മണ്ണൊരുക്കുന്നുണ്ട്. ഭക്തി സാഹിത്യത്തിൽനിന്ന്, സെക്കുലർ മാനവികതയിലധിഷ്ഠിതമായ ഒരു സാഹിത്യരചനാ സംസ്കാരത്തിലേക്കുള്ള വിപ്ലവകരമായ കുതിച്ചുചാട്ടമാണ് കവിത്രയകാലത്തെ അർത്ഥസമ്പന്നമാക്കുന്നത്. “പറ്ററ്റു നിന്നു പണിയുന്ന പണിയാളന്റെ വേർപ്പിലിറ്റിറ്റിഴയുന്ന മിഴിനീരിനെ പുണരുന്ന ദ്രാവിഡദൈവം”, വൈദികഭക്തി പാരമ്പര്യത്തിനു നേർവിപരീതമായ, ഒരു സെക്കുലർ സാഹിത്യത്തിലേക്കുള്ള വഴിത്തിരിവായി. പുരാണേതിഹാസങ്ങളിലെ കഥാപാത്രങ്ങൾ സങ്കീർണ്ണ മാനവികതയുടെ സാമൂഹ്യമനശ്ശാസ്ത്രസാക്ഷ്യങ്ങളായി പരിവർത്തിക്കപ്പെട്ടു. ശ്രീനാരായണപ്രസ്ഥാനത്തിന്റെ പിൻതുടർച്ചയായ യുക്തിവാദ പ്രസ്ഥാനവും, ഏ. ബാലകൃഷ്ണപിള്ളയുടെയും, മാരാരുടെയും, മുണ്ടശ്ശേരിയുടെയും, എം.എൻ.വിജയന്റെയും ഗഹനമായ സാഹിത്യഅർത്ഥ വ്യാഖ്യാനങ്ങളും സെക്കുലർ രാഷ്ട്രീയനാഗരികതയ്ക്കൊപ്പം സഞ്ചരിക്കുന്ന സെക്കുലർ സാഹിത്യത്തെ അതിന്റെ മേൽത്തട്ടിൽ നിന്ന് കീഴാളപക്ഷപാതയിലേക്കു നയിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. 1940 കളിലെത്തുമ്പോൾ ‘പാവപ്പെട്ടവരുടെ വേശ്യയും’, ‘തോട്ടിയുടെ മകനും’, റിക്ഷാത്തൊ

ഴിലാളിയും സാഹിത്യത്തിന്റെ നടുത്തളത്തിലിറങ്ങിവന്ന്, ക്ലാസിക്കൽ കൊളോണിയലിസത്തിനെതിരെ ഉയർന്നുവന്ന തൊഴിലാളിവർഗ്ഗപ്രതിരോധത്തിന്റെ നേതൃരൂപങ്ങളായി മാറി. മലയാളിയുടെ രാഷ്ട്രീയ മനശ്ശാസ്ത്രത്തെയും സാമൂഹ്യശാസ്ത്രഘടനയെയും ജനാധിപത്യവല്ക്കരിക്കുന്നതിൽ പുരോഗമനകലാ-സാഹിത്യപ്രവർത്തകർ നിർണ്ണായക പങ്കുവഹിക്കുകയുണ്ടായി. കെടാമംഗലം പപ്പുക്കുട്ടി, ചെറുകാട്, ഡി.എം. പൊറ്റെക്കാട്, കെ. പി.ജി. നമ്പൂതിരി തുടങ്ങിയ പ്രതിബദ്ധസാഹിത്യരചയിതാക്കളുടെ പ്രത്യക്ഷ രാഷ്ട്രീയത്തിന്- ബഷീർ, കേശവദേവ്, തകഴിമാരുടെ രചനകളോടെന്നപോലെ- എസ്.കെ. പൊറ്റെക്കാടിന്റെയും, ഉറൂബിന്റെയും എൻ.വി. കൃഷ്ണവാര്യരുടെയും വൈലോപ്പിള്ളിയുടെയും ഇടശ്ശേരിയുടെയും ജി. ശങ്കരക്കുറുപ്പിന്റെയും പാറപ്പുറത്തിന്റെയും കോവിലന്റെയും നന്തനാരുടെയും, എം.ടി. വാസുദേവൻനായരുടെയും രചനകളോടും നാഭീനാള ബന്ധമുണ്ട്. പിന്നീട് കമ്യൂണിസ്റ്റ് പാർട്ടി നേതൃത്വത്തിൽനിന്ന് ഇ.എം.എസ് അടക്കമുള്ള രാഷ്ട്രീയ ചിന്തകർ എഴുത്തുകാരന്റെ ക്രിയാത്മകപ്രേരണകളെ പ്രതിബദ്ധതകളുടെ ന്യായപ്രമാണങ്ങളാക്കി മാറ്റുന്നതിനുവേണ്ടി നടത്തിയ സമരം ഗുണദോഷ സമ്മിശ്രമായ ഒരു സാംസ്കാരിക പ്രവർത്തനമായിരുന്നു. എന്നാൽ 1960 കളുടെ അന്ത്യംവരെയും മലയാളത്തിലെ കലാപ്രവർത്തകന്റെയും എഴുത്തുകാരന്റെയും മനുഷ്യാനുഭവ വീക്ഷണത്തെ നിയന്ത്രിച്ചിരുന്നത്, കീഴാളപക്ഷ സ്ത്രീപക്ഷപാതിയായ സെക്കുലർ സാംസ്കാരിക ഭാവുകത്വം തന്നെയായിരുന്നു. എം.പി.പോളിന്റെ നേതൃത്വത്തിൽ വലിയൊരു സംഘം എഴുത്തുകാർ പുരോഗമനസാഹിത്യ പ്രസ്ഥാനവുമായി തല്ലിപ്പിരിഞ്ഞ് പടിയിറങ്ങിപ്പോയതിനുശേഷവും കീഴാളപക്ഷ- സെക്കുലർ ഭാവുകത്വത്തിന്റെ വൈകാരികമണ്ഡലത്തിൽനിന്ന് അവർ അന്യവല്ക്കരിക്കപ്പെട്ടിരുന്നില്ല. പ്രലോഭനങ്ങളും പദവികളും അവരെ ആത്മവഞ്ചനയുടെ ആൾരൂപങ്ങളാക്കി പരിവർത്തിപ്പിച്ചതുമില്ല. അക്കൂട്ടരെ വിലയിരുത്തുന്നതിൽ കമ്യൂണിസ്റ്റു നേതൃത്വത്തിനു തെറ്റുപറ്റി.

ഇതിൽ മാത്രമല്ല, മുതലാളിത്ത രാഷ്ട്രീയ പരിസരത്തുനിന്ന് ഉല്പന്നമായ രണ്ടു മഹായുദ്ധങ്ങളുടെ പ്രതികരണം എന്ന നിലയിൽ പാശ്ചാത്യ സാഹിത്യത്തിൽ രൂപപ്പെട്ട ആധുനികതാവാദത്തെ വിലയിരുത്തുന്നതിലും ഇന്ത്യൻ കമ്യൂണിസ്റ്റുകൾക്കു തെറ്റുപറ്റി. പാബ്ലോപിക്കാസോ എന്ന ആധുനിക ചിത്രകാരൻ കമ്യൂണിസ്റ്റു പാർട്ടി അംഗമായിരുന്നു. സർറിറിയലിസത്തിന്റെ നവകല മുതലാളിത്തത്തിന്റെ കപട ധാർമ്മിക സദാചാരത്തിന്റെ (ബൂർഷ്വാമൊറാലിറ്റിയുടെ) ന്യായസിദ്ധാന്തത്തെതകർക്കുന്ന സത്യാന്വേഷണ പ്രവർത്തനമായിരുന്നു. സാമൂഹ്യവും രാഷ്ട്രീയവുമായ അടിച്ചമർത്തലിലൂടെ മനസ്സിന്റെ അധോതലങ്ങളിലേയ്ക്കു ചവിട്ടിത്താഴ്ത്തപ്പെട്ട ഇച്ഛയുടെ രൂപങ്ങളാണ്, സർറിയലിസ്റ്റുകലയിൽ കണ്ടെടുക്കപ്പെട്ടത്. എക്സ്പ്രഷനിസ്റ്റ് കലയും, സർറിയലിസ്റ്റുകലയും, യാഥാർത്ഥ്യത്തിന്റെ ഉപരിതലങ്ങൾ കുത്തിപ്പിളർന്ന് യാഥാർത്ഥ്യത്തിന്റെ ആഴക്കടലുകളിൽ നിന്ന് വിഭ്രാന്ത രൂപങ്ങളെ കണ്ടെടുത്തത് മുതലാളിത്തനാഗരികതയുടെ ആത്മവഞ്ചനയുടെ നെഞ്ചു പിളർക്കുന്നതിനു വേണ്ടിയായിരുന്നു. എന്നാൽ മലയാളത്തിലേക്കു കയറ്റുമതി ചെയ്യപ്പെട്ട ആധുനികവാദം മുതലാളിത്ത അരാജകത്വവും, ആത്മീയ ഫ്യൂഡൽ പ്രവണതകളും തമ്മിലുള്ള സംയോഗം എന്ന നിലയിൽ സെക്കുലർ നാഗരികതയുടെ നിരാസമായി മാറി. നിയോ കൊളോണിയസത്തിന്റെ അർത്ഥ ചേഷ്ടകളെയും, ഫ്യൂഡലിസത്തിന്റെ പ്രാകൃത മതവാസനകളെയും സമന്വയിപ്പിക്കുന്ന മാനവികതാവിരുദ്ധവും സ്ത്രീ വിരുദ്ധവുമായ ആധുനികതാവാദം, പുരുഷാധിപത്യപരമായ ലൈംഗികഫാസിസത്തിന്റെ കൊടിപ്പടം

കൂടിയായിത്തീരുന്നു. എഴുത്തച്ഛന്റെ ആത്മീയതയും, മണിപ്രവാളവും സമാസമം സംയോഗപ്പെടുന്ന മലയാളത്തിലെ ആധുനികത യു.എസ്. ബ്രിട്ടീഷ് സാംസ്കാരിക സ്ഥാപനങ്ങളുടെ കൃത്രിമനിർമ്മിതിയായിരുന്നു.

നാല്

1930 -കളിലെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറാൻ ശ്രമിച്ച സാമ്രാജ്യത്വ മൂലധന വ്യവസ്ഥ പുത്തൻ കൊളോണിയൽ കൊള്ളയിലൂടെ ലോകാധിപത്യം നിലനിർത്താനുള്ള പുത്തൻ തന്ത്രങ്ങളാവിഷ്കരിക്കുകയുണ്ടായി. മുതലാളിത്ത വ്യവസ്ഥയിലെ അടിസ്ഥാന വൈരുദ്ധ്യമായ അധ്വാനവും മൂലധനവും തമ്മിലുള്ള വൈരുദ്ധ്യം പരിഹരിക്കപ്പെടാത്തതിനാൽ 1970 കൾ ആകുമ്പോഴേക്കും വമ്പിച്ച ജനകീയ കലാപങ്ങളും അസംഖ്യം പോരാട്ടങ്ങളും ലോകത്തെമ്പാടും ഉയർന്നു വന്നു.

ലോകതൊഴിലാളിവർഗ്ഗത്തിന്റെ വിമോചന പ്രതീക്ഷയായിരുന്ന സോഷ്യലിസത്തിനേറ്റ തിരിച്ചടിയും; കൂടുതൽ സമഗ്രാധിപത്യപരമായ ഒരു രാഷ്ട്രീയ ക്രമത്തിലേക്കുള്ള അതിന്റെ മാറ്റവും പുരോഗമന ശക്തികൾക്കിടയിൽ പുത്തൻ സൈദ്ധാന്തികാന്വേഷണത്തിനു തുടക്കമിട്ടു. ഈ രണ്ട് ചരിത്ര-രാഷ്ട്രീയ പ്രക്രിയകളുമായി ബന്ധപ്പെട്ടാണ് പാരീസിലെ വസന്തകലാപം, വിയറ്റ്നാം യുദ്ധം, ക്യൂബൻ വിപ്ലവം ബൊളിവിയൻ ഗറില്ലായുദ്ധം എന്നിങ്ങനെ ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട ജനകീയ പോരാട്ടങ്ങൾ ഉയർന്നുവന്നത്.

ഇത്തരം സാർവ്വദേശീയ സംഭവവികാസങ്ങളുടെ പ്രതിഫലനം ഇന്ത്യയിലുമുണ്ടായി. സോവിയറ്റ് യൂണിയനിലെ തിരുത്തൽവാദ രാഷ്ട്രീയത്തോട് താദാത്മ്യം പ്രാപിക്കാനും തൊഴിലാളിവർഗ്ഗ വഞ്ചനയിലൂടെ ദേശീയ ബൂർഷ്വാസിയുമായി ഒത്തുചേർന്ന് വർഗ്ഗസഹകരണ സിദ്ധാത്തിന്റെ രാഷ്ട്രീയ ജീർണ്ണതയിലേക്കും; പാർലമെന്ററി അവസരവാദക്കൂട്ടുകെട്ടിലേക്കും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വം സഞ്ചരിക്കാൻ തുടങ്ങിയപ്പോൾ അതിനെതിരായ രാഷ്ട്രീയ പ്രത്യയശാസ്ത്രസമരത്തിനു തയ്യാറായ ഒരു വിഭാഗത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത രാഷ്ട്രീയ നിലപാട് ഒരു രാഷ്ട്രീയ ധ്രുവീകരണം കമ്യൂണിസ്റ്റ് പാർട്ടിയിലുണ്ടാക്കി. എന്നാൽ സി.പി.ഐ. നേതൃത്വത്തിന്റെ നയവ്യതിയാനത്തിലേക്കുള്ള പ്രയാണ പാതയിൽ തന്നെ പുതിയ ശക്തികളും എത്തിച്ചേർന്നു. ഇതാകട്ടെ പുരോഗമനവിപ്ലവ നിലപാടുയർത്തിപ്പിടിച്ച സാംസ്കാരിക പ്രവർത്തകരിലും ബുദ്ധിജീവികളിലുമെല്ലാം കടുത്ത നിരാശയുണ്ടാക്കി.

തെലുങ്കാനയുടെയും പുന്നപ്രവയലാറിന്റെയും കയ്യൂരിന്റെയും കരിവെള്ളൂരിന്റെയുമെല്ലാം സാമ്രാജ്യത്വവിരുദ്ധ, നാടുവാഴിത്തവിരുദ്ധ, ജന്മിത്വവിരുദ്ധ രണോത്സുക പോരാട്ടത്തിന്റെ ഉജ്വല പാരമ്പര്യത്തോടു വിടപറഞ്ഞുകൊണ്ട് വർഗ്ഗസഹകരണത്തിന്റെയും സന്ധിചെയ്യലിന്റെയും വർഗ്ഗവഞ്ചനയുടേയും രാഷ്ട്രീയത്തിലേക്ക് വിപ്ലവ പ്രസ്ഥാനം ജീർണ്ണിക്കുന്നുവെന്ന് തിരിച്ചറിഞ്ഞവർ വിപ്ലവാദർശത്തിന്റെ നിലപാടു തറയിൽ ഉറച്ചുനില്ക്കാൻ നടത്തിയ ശ്രമമായിരുന്നു നക്സൽബാരിയിലെ സായുധകർഷകലാപത്തിൽ കണ്ടത്. ഈ രാഷ്ട്രീയമുന്നേറ്റവുമായി ബന്ധപ്പെട്ട് സാംസ്കാരിക രംഗത്തും പുതിയ ചലനങ്ങൾ രൂപപ്പെട്ടു.

കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ അതു സവിശേഷമായ ചലനങ്ങൾ സൃഷ്ടിച്ചുവെങ്കിലും നിയോകൊളോണിയൽ ഘടനയിലേക്ക് മുന്നേറിയ മൂലധനവ്യവസ്ഥയ്ക്കും അതിന്റെ സൗന്ദര്യശാസ്ത്രസങ്കല്പങ്ങൾക്കും എതിരെ നവീനവും വിപ്ലവാത്മകവുമായ ബദൽ മുന്നോട്ടു വെക്കു

വാൻ അതിനും സാധിച്ചില്ല. പാശ്ചാത്യ മാർക്സിസത്തിന്റെ സൈദ്ധാന്തിക ആവിഷ്കാരങ്ങൾ ഏറ്റുപിടിച്ചവർ തങ്ങൾ കാലുറപ്പിച്ചു നില്ക്കുന്ന മണ്ണിനെക്കുറിച്ചും അവിടുത്തെ ഉല്പാദന ബന്ധത്തെക്കുറിച്ചും ഉല്പാദന ശക്തികളുടെ വികാസത്തെക്കുറിച്ചും യാതൊരു ധാരണയുമില്ലാത്തവരായിരുന്നു. അതുകൊണ്ടുതന്നെ സാംസ്കാരികവേദിയുടെ നേതൃത്വനിരയിലും സൈദ്ധാന്തിക നിരയിലുമുണ്ടായിരുന്നവരിൽ ഭൂരിപക്ഷവും ഇന്ന് സാമ്രാജ്യത്വ മൂലധന വ്യവസ്ഥയുടെ വിശ്വസ്തരായ പ്രചാരകരായി മാറിയിരിക്കുന്നു എന്ന വിപര്യയവും സംഭവിച്ചു. നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ ശൈഥില്യവും അതിന്റെ സൈദ്ധാന്തിക നേതൃത്വങ്ങളുടേയും സാംസ്കാരിക ബുദ്ധിജീവി വൃന്ദത്തിന്റെയും ഇന്നത്തെ രാഷ്ട്രീയ നിലപാട് വിരോധാഭാസമായി തോന്നും വിധം പ്രതിലോമപരമായിത്തീർന്നു.

'70 കളിൽ ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അപചയത്തെ ചൂണ്ടിക്കാട്ടുന്നുവെന്ന പേരിൽ കമ്യൂണിസ്റ്റ് ചിന്താഗതിയെത്തന്നെ പരിഹസിച്ച മലയാളത്തിലെ 'ആധുനിക സാഹിത്യ' പണ്ഡിതമന്യന്മാർ പഴയ വിമോചന സമര സാംസ്കാരിക ധർമ്മ ഭടന്മാരുമായി ഏറെ ചാർച്ചയുള്ളവരായിരുന്നു എന്നതാണ് ഏറെ രസകരം. '70കളിലെ കലാപദശകത്തിന്റെ സൗന്ദര്യശാസ്ത്രസിദ്ധാന്തത്തിന്റെ പിന്തുടർച്ചയെന്ന നിലയിൽ സാഹിത്യത്തിലും രാഷ്ട്രീയത്തിലും അധിനിവേശബുദ്ധി കേന്ദ്രങ്ങൾ ഇറക്കുമതി ചെയ്തത് 'ഉത്തരാധുനികത' 'പോസ്റ്റ് മാർക്സിസം' തുടങ്ങിയ പ്രത്യയശാസ്ത്രപദ്ധതികളാണ്. നിയോകൊളോണിയലിസം ലോകമെമ്പാടും വിന്യസിച്ച എൻ.ജി.ഒ. കളുടെ മുഖ്യ പ്രമേയമായ പരിസ്ഥിതിവാദം, സ്ത്രീവാദം, ജാതിവാദം, സ്വത്വവാദം, ദേശീയവാദം എന്നിവ നമ്മുടെ മാധ്യമങ്ങളിലും ബുദ്ധിജീവി വൃന്ദങ്ങൾക്കിടയിലും ഏറെ ചർച്ചചെയ്യപ്പെട്ടു. ഇതിന്റെ സൈദ്ധാന്തികരെയും പ്രയോക്താക്കളെയും സാമ്രാജ്യത്വം ഫണ്ട് നല്കി പ്രോത്സാഹിപ്പിച്ചു. ഒരു കാലത്ത് ഇടതുപക്ഷ സോഷ്യലിസ്റ്റ് ആശയങ്ങൾക്കു മേൽക്കൈ ഉണ്ടായിരുന്ന കേരളത്തിന്റെ ബൗദ്ധികമേഖല അപ്പാടെ ഇത്തരം സാമ്രാജ്യത്വ ദല്ലാളുകളും ഒറ്റുകാരുമായ എൻ.ജി.ഒ. സംഘങ്ങൾ കൈയേറിയിരിക്കുകയാണ്. രാഷ്ട്രീയ നിശ്ചയത്തിന്റെ ദൃഢമനസ്സുകളെപ്പോലും തകർക്കുന്ന ഫണ്ടിംഗിന്റെ ആസൂത്രിതവും തന്ത്രപരവുമായ കടന്നാക്രമണമാണ് മുൻ നക്സലൈറ്റ് വിപ്ലവകാരികളെപ്പോലും ഇന്ന് സാമ്രാജ്യത്വ മൂലധനത്തിന്റെ സ്തുതിപാഠകരാക്കിത്തീർത്തത്. ഇത്തരമൊരു യാഥാർത്ഥ്യത്തിൽനിന്നുകൊണ്ടാണ് സാമ്രാജ്യത്വഫണ്ടിംഗിന്റെ പ്രശ്നം വളരെ ഗൗരവപൂർവ്വം ചർച്ചചെയ്യേണ്ടതും പ്രഖ്യാപിത നിലപാടായി സാമ്രാജ്യത്വ ഫണ്ടിംഗിന്നെതിരായ രാഷ്ട്രീയ നിലപാട് മുന്നോട്ടു വെക്കേണ്ടതും. 1980 കളിൽ എത്തുമ്പോൾ കേരളത്തിന്റെ ആശയമണ്ഡലത്തിൽ സാമ്രാജ്യത്വ മൂലധന ശക്തികളുടെ അധീശത്വം പൂർണ്ണമാക്കപ്പെട്ടു. ശാസ്ത്രസാഹിത്യ പരിഷത്തും, സി.ഡി.എസ്സും, ദളിത്-പരിസ്ഥിതി-സ്ത്രീവാദ പ്രസ്ഥാനങ്ങളും സജീവമായി സാമ്രാജ്യത്വ മൂലധന ഭക്തരായി. ഇവർ ധനകാര്യ അധിനിവേശത്തിന്റെ ദല്ലാളുകളും നടത്തിപ്പുകാരുമായി മാറി.

നക്സലൈറ്റ് പ്രസ്ഥാനത്തെ ഉൾപ്പടെ ശിഥിലമാക്കിയ ഫണ്ടിംഗ് ശക്തികൾ ക്രമാനുഗതമായി സി.പി.ഐ.എം.ന്റെ നേതൃത്വനിരയിൽപ്പോലും കടന്നുകയറി പാർട്ടിയെത്തന്നെ ഹൈജാക്കുചെയ്യുന്ന സ്ഥിതിയിലേക്കു മുന്നേറി. ജനകീയാസൂത്രണമുൾപ്പെടെ ഇടതുപക്ഷ ഗവണ്മെന്റ് നടപ്പിലാക്കിയ ഭരണ-വികസന നയ കാഴ്ചപ്പാടുകളിലും പാർട്ടിയുടെയും ബഹുജനസംഘടനകളുടേയും പ്രവർത്തനശൈലിയിൽ വർഗ്ഗരാഷ്ട്രീയ നിരാസത്തിന്റെ ആധിക്യം പ്രകടമായതിന്റെയും കാരണമന്വേഷിക്കുമ്പോഴാണ് അധിനിവേശ

പ്രത്യയശാസ്ത്രത്തിന് സി.പി.ഐ. (എം) സംഘടനയിൽ മേൽക്കൈ ച്ചതിന്റെ വ്യക്തമായ ചിത്രം ദൃശ്യമാകുക.

ഈ തിരിച്ചറിവിൽ നിന്നുകൊണ്ടാണ് അധിനിവേശ ദല്ലാളന്മാർ പാർട്ടി നേതൃത്വം പിടിച്ചടക്കി ബൃഹത്തായ ഒരു ജനകീയ രാഷ്ട്രീയ മണ്ഡലത്തെ പ്രത്യയശാസ്ത്രപരമായി നിർവ്വീര്യമാക്കിക്കൊണ്ടിരിക്കുന്നതിനെതിരെ താക്കീതുമായി എം.എൻ. വിജയൻ മാസ്റ്റർ സാംസ്കാരിക-രാഷ്ട്രീയ മണ്ഡലത്തിൽ അർത്ഥവത്തായ ഇടപെടൽ നടത്തുന്നത്. മറ്റേതു രാഷ്ട്രീയ പ്രസ്ഥാനത്തിനുള്ളിൽ നടന്ന സാമ്രാജ്യത്വ ധനകാര്യ അധിനിവേശത്തേയുംകാൾ ഗുരുതരമായ പ്രത്യാഘാതമാണ് മുഖ്യധാര കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ ധനകാര്യാധിനിവേശം. സാമ്രാജ്യത്വ ഫണ്ടിംഗിന്റെ മുഖ്യ ഉപകരണമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എൻ.ജി.ഒ.കളെയും ഭരണാധികാര ദല്ലാളന്മാരെയും രാഷ്ട്രീയ നേതൃത്വങ്ങളെയും നവസാമൂഹ്യ പ്രസ്ഥാനത്തിന്റെ സൈദ്ധാന്തിക വക്താക്കളെയും ദല്ലാൾ ആക്ടിവിസ്റ്റുകളെയും പൊതുജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളിൽനിന്നും ചവുട്ടിപ്പുറത്താക്കാനുള്ള രാഷ്ട്രീയ കർമ്മ പദ്ധതി ചരിത്രം ജനങ്ങളിൽ നിന്നാവശ്യപ്പെടുന്നുണ്ട്. കേരളത്തിന്റെ മഹത്തായ രാഷ്ട്രീയ പാരമ്പര്യങ്ങളിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ട് ഉയർന്നുവന്ന പുരോഗമന പ്രസ്ഥാനത്തിന്റെ പൊതുമണ്ഡലം സംരക്ഷിക്കാനും വിപുലപ്പെടുത്താനുമുള്ള ചരിത്രപരമായ ബാധ്യത ജനപക്ഷത്തു നിലയുറപ്പിക്കുന്ന സാംസ്കാരിക പ്രവർത്തകർ ഏറ്റെടുത്തേ മതിയാകൂ.

അഞ്ച്

കേരളത്തിന്റെ നവോത്ഥാന-പുരോഗമന സമരപാരമ്പര്യമെന്നു പറയുന്നത് അറിവിനും അധികാരത്തിനുംവേണ്ടി കേരളജനത നടത്തിയ മഹത്തായ പോരാട്ടമായിരുന്നു. പോത്തേരി കുഞ്ഞമ്പുവിന്റെയും ഒ. ചന്തുമേനോന്റെയും നോവലുകളിൽതന്നെ ഇത്തരം പ്രമേയങ്ങൾ പരിമിതകളോടെയാണെങ്കിലും അവതരിപ്പിക്കപ്പെട്ടതായിക്കാണാം. വിദ്യാഭ്യാസത്തിന്റെയും കൃഷിഭൂമിയുടെ ഉടമസ്ഥതയുടെയും അവകാശത്തിനു വേണ്ടിയുള്ള വാദഗതികൾ സാഹിത്യകൃതികളിൽ ഉന്നയിക്കപ്പെടുന്നത് അന്നത്തെ വസ്തുനിഷ്ഠസാമൂഹ്യപരിതസ്ഥിതിയുമായി ബന്ധപ്പെട്ടാണ്.

ആധുനിക ജനാധിപത്യ മതേതര സങ്കല്പങ്ങൾ അനുസരിച്ച് ഭരണപരമായ തീരുമാനങ്ങൾ കേരള രാഷ്ട്രീയത്തിൽ നടപ്പിലാക്കുന്ന വിധത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് രാഷ്ട്രീയ മേൽക്കൈ ലഭിച്ചതിനും ചരിത്രപരമായ കാരണങ്ങൾ ഉണ്ടായിരുന്നു.

1957-ൽ ഭൂപരിഷ്കരണത്തിലൂടെയും പൊതു വിദ്യാഭ്യാസം നടപ്പാക്കുന്നതിലൂടെയും ഇത്തരമൊരു രാഷ്ട്രീയ യാഥാർത്ഥ്യത്തോട് സത്യസന്ധമായി പ്രതികരിച്ച കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഇന്നത്തെ നേതൃത്വം കോർപ്പറേറ്റ് മൂലധന ശക്തികളുടെ താത്പര്യ സംരക്ഷകരായി മാറിയതിന്റെ രാഷ്ട്രീയ പ്രത്യയശാസ്ത്രകാരണങ്ങൾ വിശകലന വിധേയമാക്കേണ്ടതുണ്ട്. കോർപ്പറേറ്റ് കുത്തകകൾക്കുവേണ്ടി കർഷകരിൽനിന്ന് ഭൂമി ബലമായി പിടിച്ചെടുത്ത്കൊടുക്കുന്ന കങ്കാണിപ്പണിയിലേക്ക് അധഃപതിച്ച കപട കമ്യൂണിസ്റ്റുകളായി ഇന്നത്തെ നേതൃത്വം മാറുന്നതിന്റെ പിന്നിലെ ഘടകം ധനകാര്യാധിനിവേശത്തിനു കീഴ്പ്പെടുന്നതാണെന്ന് വ്യക്തമായിപ്പറയാൻ സാധിക്കും.

വൻകിട വികസനത്തിനും കേർപ്പറേറ്റ് കൃഷിക്കും ടൂറിസം വ്യവസായത്തിനുമായി ഭൂപരിധി നിയമങ്ങൾപോലും ലംഘിച്ച് കേർപ്പറേറ്റ് കുത്തക

കൾക്ക് ഭൂമി പിടിച്ചെടുത്തു കൊടുക്കുകയും, ഭരണ നിയമ ബാധ്യതകൾപോലും ബാധകമല്ലാത്ത പ്രത്യേക സാമ്പത്തിക മേഖലകളുടെ വിസ്തൃതിയേറിവരികയും, നമ്മുടെ കടലും, കായലോരവും, കുടിവെള്ളവും, രാഷ്ട്രാന്തരീയ കോർപ്പറേറ്റ് കുത്തകകൾക്ക് വികസനത്തിന്റെ പേരിൽ തീറെഴുതിക്കൊടുക്കുകയും സ്വന്തം അധിവാസ കേന്ദ്രങ്ങളിൽ നിന്ന് തദ്ദേശീയ ജനത പിഴുതെറിയപ്പെടുകയും ചെയ്യുന്ന ഭരണ നയങ്ങൾ നടപ്പിലാക്കുന്ന സാമ്രാജ്യത്വ ദല്ലാളന്മാരായ ഭരണാധികാരികളുടെ ജനവിരുദ്ധവും ദേശദ്രോഹപരവുമായ പ്രവർത്തികളെ എതിർത്ത് പരാജയപ്പെടുത്താനുള്ള രാഷ്ട്രീയ ഇച്ഛാശക്തി പ്രകടമാക്കാൻ സാംസ്കാരികപ്രവർത്തകർക്ക് ഇന്ന് ബാധ്യതയുണ്ട്. രാഷ്ട്രീയ നേതൃത്വങ്ങളെയും ഭരണാധികാരികളെയും വെറും കമ്മീഷൻ ഏജന്റുമാരാക്കുകയും ബുദ്ധിജീവികളെയും പുത്തൻ ആക്ടിവിസ്റ്റുകളെയും ഫണ്ടിംഗ് ദല്ലാൾപ്പണിയിലേക്ക് അധഃപതിപ്പിക്കുകയും ചെയ്ത പുത്തൻ കൊളോണിയൽ ചൂഷണ തന്ത്രത്തെ പ്രതിരോധിക്കാൻ യഥാർത്ഥ ജനകീയ രാഷ്ട്രീയത്തിന്റെ ധാർമ്മികതയും മൂല്യബോധവും പ്രതിസ്ഥാപിക്കേണ്ടതുണ്ട്.

ഏതെങ്കിലും ഒരു വ്യക്തി പുണ്യവാളനും മറ്റൊരു വ്യക്തി അഴിമതിക്കാരനുമെന്ന ബൂർഷ്വാ മാധ്യമപരിചരണത്തിന്റെയും ബൂർഷ്വാ രാഷ്ട്രീയത്തിന്റെയും ജനവിരുദ്ധ കാഴ്ചപ്പാടുകൾക്കുപകരം സാമ്രാജ്യത്വദല്ലാളുകളായി അധഃപ്പതിച്ചു കഴിഞ്ഞ കക്ഷിരാഷ്ട്രീയ പ്രസ്ഥാനത്തിന്റെ അപചയത്തിന്റെയും അഴിമതിയുടേതുമായ വർത്തമാനകാലഘട്ടത്തിൽ ഇടതും വലതുമായ സാമ്രാജ്യത്വ ദല്ലാളുകളായ രാഷ്ട്രീയപ്രസ്ഥാന നേതൃത്വങ്ങൾ ജന ശത്രുക്കളാണെന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് പ്രതിരോധം തീർക്കേണ്ടതുണ്ട്.

ഭരണ- രാഷ്ട്രീയ നേതൃത്വങ്ങൾ അഴിമതിക്കാരാകുമ്പോൾ പൊതുസമൂഹത്തിന്റെ സമസ്ത മണ്ഡലങ്ങളും അഴിമതിവൽക്കരിക്കപ്പെടുമെന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ സാമ്രാജ്യത്വ മൂലധനത്തിന്റെ അധിനിവേശത്തിനെതിരായി യഥാർത്ഥ ജനപക്ഷ രാഷ്ട്രീയം ഉയർത്തിക്കൊണ്ടുവരുന്നതിലൂടെ നമ്മുടെ സമൂഹം നേരിടുന്ന രാഷ്ട്രീയ പ്രതിസന്ധിക്കു പരിഹാരം കാണാൻ കഴിയൂ.

ആറ്

സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം എന്ന സങ്കല്പത്തിന് പ്രായോഗിക രൂപം നല്കുമ്പോൾ 1957 ലെ 'കമ്യൂണിസ്റ്റ്' സർക്കാർ നടത്തിയ ഭരണനടപടികളും അതിനനുകൂലമായി ഉയർന്നുവന്ന സമരപദ്ധതികളും വിദ്യാഭ്യാസത്തിന്റെ പൊതുമേഖലാ വല്ക്കരണത്തിന് അടിത്തറയിട്ടു. ഒരുപക്ഷേ, ഇത്രയ്ക്കു ശക്തവും പ്രബുദ്ധവുമായ പൊതുമേഖലാ വിദ്യാഭ്യാസ സാമൂഹികത ലോകചരിത്രത്തിൽ തന്നെ അപൂർവ്വമാണ്. സ്വകാര്യവല്ക്കരണത്തിനും, വർഗ്ഗീയ വല്ക്കരണത്തിനും കച്ചവടവല്ക്കരണത്തിനുമെതിരെ ഉയർന്നുവന്ന വിദ്യാഭ്യാസസമരങ്ങളുടെ ചരിത്രം, കേരളീയ പൊതുസമൂഹത്തിന്റെ ചരിത്രത്തിലെ ഏറ്റവും തിളങ്ങുന്ന ഖണ്ഡമാണ്. സ്വകാര്യസ്കൂളുകളുടേയും കോളേജുകളുടെയും സാമ്പത്തിക നിർവ്വഹണച്ചുമതല സ്വകാര്യമാനേജുമെന്റുകളിൽ നിന്നു പിടിച്ചെടുത്തുകൊണ്ട്, വിദ്യാഭ്യാസ സാമ്പത്തിക നിർവ്വഹണത്തിലൂടെയാണ്, വിദ്യാഭ്യാസാധികാരം നിർണ്ണയിക്കപ്പെടുന്നത് എന്ന് സ്ഥാപിച്ചെടുക്കാൻ കേരളീയ ഇടതുപക്ഷത്തിനു കഴിഞ്ഞു.

എന്നാൽ 1970 കളിലെത്തുമ്പോൾ വിദ്യാഭ്യാസ പൊതുമേഖലാവല്ക്കരണത്തിനു സമാന്തരമായി അൺ എയ്ഡഡ് സ്കൂളുകളുടെ ഒരു സമാന്തര

ധാര കേരളത്തിൽ മുളച്ചുപൊന്തി. കേരളീയ പൊതുമേഖലാ പാഠ്യപദ്ധതിയെ പുറന്തള്ളിക്കൊണ്ട്, ഐ.സി.എസ്.സി., സി.ബി.എസ്.സി., പാഠ്യപദ്ധതികൾ പിന്തുടരുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പെരുകിത്തുടങ്ങി. പ്രിപ്രൈമറി തലത്തിൽ ലക്ഷങ്ങൾ ഫീസുവാങ്ങുന്ന റസിഡൻഷ്യൽ സ്കൂളുകളും ഗ്രാമങ്ങളിൽ പൊട്ടിമുളച്ചു. ഇതിന് അനുപൂരകമായി ഉന്നതവിദ്യാഭ്യാസരംഗത്തെ പൊതുമേഖലാഘടനയെ ശിഥിലീകരിക്കുന്ന ലോകബാങ്കു പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന്, കെ.എൻ.പണിക്കരും സംഘവും രംഗത്തെത്തിക്കഴിഞ്ഞു. ജനകീയാസൂത്രണരംഗത്തെ 'സ്വാശ്രയ' സങ്കേതത്തിന്റെ ചുവടുപിടിച്ച്, സ്വാശ്രയ എൻജിനീയറിംഗ് കോളെജുകളും, സ്വാശ്രയ മെഡിക്കൽ കോളേജുകളും നാട്ടിലെങ്ങും വ്യാപിച്ചു. വിദ്യാഭ്യാസനിർവ്വഹണരംഗത്തുനിന്ന്, ഗവൺമെന്റ് സമ്പൂർണ്ണമായി പിൻമാറുന്നതിനു തയ്യാറെടുത്തു കഴിഞ്ഞു. വിദ്യാഭ്യാസക്കോഴ വിദ്യാഭ്യാസ നിയമവ്യവസ്ഥയുടെ ഭാഗമായിത്തീർന്നു. ഒരു എൻ.ആർ.ഐ. വിദ്യാർത്ഥി മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന്- 48 ലക്ഷം രൂപയുടെ മൂലധനനിക്ഷേപം നടത്തേണ്ടിവരുമെന്നുള്ള വ്യവസ്ഥയ്ക്ക് സർക്കാർ അംഗീകാരം നല്കി. വിദ്യാഭ്യാസ രംഗത്തു ധനകാര്യ ശക്തികളുടെ സമഗ്രാധിപത്യം സ്ഥാപിതമായി. 2009 -ൽ എത്തുമ്പോഴേക്കും 1957-ലെ കമ്യൂണിസ്റ്റ് സർക്കാർ ആവിഷ്കരിച്ച വിദ്യാഭ്യാസ പൊതുമേഖലാ വല്ക്കരണം തകർത്തെറിയപ്പെട്ടു. വിദ്യാഭ്യാസരംഗത്ത് തികച്ചും പ്രതിലോമപരമായ പ്രതിവിപ്ലവം പൂർത്തീകരിക്കപ്പെട്ടു.

മെക്കാളെ പ്രഭുവിന്റെ കൊളോണിയൽ വിദ്യാഭ്യാസ പദ്ധതിയുടെ ചരടുകൾ പൊട്ടിച്ച്, വിദ്യാഭ്യാസത്തെ ജനാധിപത്യ വല്ക്കരിക്കുവാനല്ല - നിയോകൊളോണിയൽ വിദ്യാഭ്യാസപദ്ധതികൾകൊണ്ട് പാഠ്യപദ്ധതിയുടെ രൂപവും ഉള്ളടക്കവും ശിഥിലീകരിക്കാനാണ് വിദ്യാഭ്യാസപ്രതിവിപ്ലവകാരികൾ ബദ്ധശ്രദ്ധരായത്. ക്ലാസിക്കൽ കൊളോണിയലിസത്തിന്റെ വിദ്യാഭ്യാസപദ്ധതിക്ക് അനുപൂരകമാണ്, നിയോകൊളോണിയൽ വിദ്യാഭ്യാസ പദ്ധതി എന്ന ബോധത്തിലെത്തിച്ചേരാൻ അധികസമയം വേണ്ടി വന്നില്ല.

കേരളവിദ്യാഭ്യാസത്തെ മാർക്സിസ്റ്റ് രീതിയിൽ വ്യാഖ്യാനിക്കാനൊരുമ്പെട്ട പല കപട മർകിസ്റ്റ് ചരിത്രകാരന്മാരും ക്ലാസിക്കൽ കൊളോണിയലിസ്റ്റ് വിദ്യാഭ്യാസ നിർവ്വഹണത്തിന്റെ മുഖ്യസ്ഥാനമായ മിഷനറി പ്രസ്ഥാനത്തെ അതിരുകവിഞ്ഞു പ്രശംസിക്കുകയുണ്ടായി. എന്നാൽ ഈ മിഷനറി പ്രസ്ഥാനത്തിന്റെ രാഷ്ട്രീയമെന്തെന്ന് കേരളം തിരിച്ചറിയുന്നത് വിമോചനസമരത്തോടെയാണ്. വിദ്യാഭ്യാസ ജനാധിപത്യ വൽകരണത്തെയും, വിദ്യാഭ്യാസ പൊതുമേഖലാ വൽക്കരണത്തെയും ആക്രമിക്കാൻ വേണ്ടി വിമോചനസമരത്തിന്റെ മുൻനിരയിൽ കടന്നുനിന്നത് ബ്രിട്ടീഷ് മിഷനറി സ്ഥാപനത്തിന്റെ ചരിത്രപരമായ പിന്തുടർച്ച എന്നു വിളിക്കാവുന്ന ക്രിസ്തീയ മതസ്ഥാപനങ്ങളാണ്. 2007-ലും 2008-ലും കേരളത്തിന്റെ മൗലികവിദ്യാഭ്യാസാവകാശത്തെ കൊള്ളക്കച്ചവടമാക്കിത്തീർക്കുന്ന, പ്രതിവിപ്ലവനിലപാടിന്റെ മുൻനിരയിൽ പ്രത്യക്ഷപ്പെട്ടതും ക്രിസ്തീയ വിദ്യാഭ്യാസ മാനേജുമെന്റുകൾ തന്നെയായിരുന്നു. പൊതുമേഖലാ വിദ്യാഭ്യാസത്തെ സമ്പൂർണ്ണമായി അരാജകവല്ക്കരിച്ചുകൊണ്ട്, പള്ളിയും പഞ്ചായത്തുകമ്മിറ്റിയും പാഠ്യപദ്ധതിയിൽ കൈകടത്തുമെന്ന പ്രഖ്യാപനമുണ്ടായതും, ഗുഹ്യരോഗനിയന്ത്രണ ബോർഡ് അച്ചടിച്ചിറക്കിയ കൗമാര വിദ്യാഭ്യാസ പാഠ്യപദ്ധതി അദ്ധ്യാപകർക്കുമേൽ കെട്ടിയേല്പിച്ചതും, വിദേശധനകാര്യ ശക്തികളുടെ ഇടപെടൽ നമ്മുടെ പൊതുവിദ്യാഭ്യാസ രംഗത്തെ ദുരന്തവല്ക്കരിച്ചിരിക്കുന്നു എന്ന വസ്തുതയ്ക്കു ലഭിക്കുന്ന ദുസ്സ്വപ്നാത്മകമായ അറിവു

കളായിത്തീർന്നിരിക്കുന്നു. ക്ലാസിക്കൽ കൊളോണിയലിസത്തെക്കാൾ നിഷ്ഠൂരമാണ്, നിയോകൊളോണിയലിസം എന്ന വസ്തുത നിയോകൊളോണിയൽ വിദ്യാഭ്യാസപദ്ധതിയുടെ വക്താക്കൾ ചുരുങ്ങിയ കാലംകൊണ്ട് സമർത്ഥിച്ചെടുത്തിരിക്കുന്നു.

ഏഴ്

1947-ൽ ക്ലാസിക്കൽ കൊളോണിയലിസത്തിന്റെ മരണമണി മുഴങ്ങുമ്പോഴായിരുന്നു തദ്ദേശീയ ബൂർഷ്വാസി അധികാരത്തിലേറിയത്. എന്നാൽ അധികാര കൈമാറ്റത്തിന്റെ അർദ്ധരാത്രിയിൽ ഇന്ത്യയെ മതാടിസ്ഥാനത്തിൽ ഭിന്നിപ്പിച്ചുകൊണ്ടായിരുന്നു കൊളോണിയലിസ്റ്റുകൾ അധികാരമൊഴിഞ്ഞത്. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന കൊളോണിയലിസ്റ്റ്തന്ത്രം സമർത്ഥമായി ഇപ്പോഴും നടപ്പിലാക്കുകയാണ് പുത്തൻ സാമ്രാജ്യത്വം. ഹിന്ദുവർഗ്ഗീയ ഫാസിസ്റ്റുകൾക്കും ഇസ്ലാമിക തീവ്രവാദികൾക്കും ക്രിസ്തീയ മത സംഘടനകൾക്കും യഥേഷ്ടം ഫണ്ടു നല്കി വർഗ്ഗീയ ചേരിതിരിവ് സൃഷ്ടിച്ച് യഥാർത്ഥ സാമ്രാജ്യത്വ വിരുദ്ധസമരനിരയെ ശിഥിലമാക്കാനുള്ള പദ്ധതികൾ സമർത്ഥമായി അവർ നടപ്പിലാക്കി വരുന്നു.

സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം സോവിയറ്റ് ചേരിക്കും യു.എസ്. സാമ്രാജ്യത്വത്തിനും മധ്യേ ആടിയുലഞ്ഞുനിന്ന ഇന്ത്യൻ ദല്ലാൾ ഭരണവർഗ്ഗം സോഷ്യലിസ്റ്റ് സമൂഹത്തിന്റെ പതനത്തോടെ സാമ്രാജ്യത്വചേരിയുടെ ദാസ്യവൃത്തി സമർത്ഥമായി ഏറ്റെടുത്തു. വർഗ്ഗീയ-വംശീയ വിഘടനയുടെ ഭീകരപ്രസ്ഥാനങ്ങൾക്കു പണവും ആയുധവുമെറിഞ്ഞുകൊടുത്ത് ഇന്ത്യയെ ശിഥിലീകരിക്കുവാൻ ശ്രമിക്കുന്ന യു.എസ്. സാമ്രാജ്യത്വം, ശിഥിലീകരണത്തിലൂടെ ഇന്ത്യയെ അതിന്റെ കാൽച്ചുവട്ടിലമർത്തുകയാണു ചെയ്തിരിക്കുന്നത്. സോഷ്യലിസ്റ്റ് രാഷ്ട്ര സമൂഹത്തിന്റെ പതനത്തിനുശേഷം, ലോകമാസകലം വ്യാപിച്ചുകൊണ്ടിരിക്കുന്ന ഭീകരവാദ പ്രവർത്തനങ്ങൾക്ക് ആയുധവും പണവും നല്കുന്നത്, ബഹുരാഷ്ട്ര മൂലധനശക്തി തന്നെയാണ്. മൂന്നാം ലോകരാജ്യങ്ങളിലെ ഉല്പാദന പ്രവർത്തനങ്ങളെ ശകലീകരിക്കാനും, മൂന്നാം ലോക രാജ്യങ്ങളെ ബഹുരാഷ്ട്ര കുത്തകകളുടെ വിപണിയാക്കിത്തീർക്കുന്നതിനുമുള്ള രാഷ്ട്രീയതന്ത്രമാണ്, ദേശരാഷ്ട്രശകലീകരണമെന്നത്. വികസന-ഫെമിനിസ്റ്റ്-പരിസ്ഥിതി-എൻ.ജി.ഒ.കൾക്കും, ഭീകരവാദ പ്രസ്ഥാനങ്ങൾക്കും പണം നല്കുന്നത് ഫോർഡ് ഫൗണ്ടേഷനെപ്പോലെയുള്ള, കാനേഡിയൻ ഇന്റർനാഷണൽ ഡവലപ്മെന്റ് ഏജൻസിയെപ്പോലെയുള്ള സർവ്വദേശീയ ഫണ്ടിങ്ങ് ഏജൻസികളാണ് എന്നും അവ സി.ഐ.എ,യുടെ ഉപകരണങ്ങളാണ് എന്നുമുള്ള വസ്തുത ഇന്നു സാമാന്യമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ആഗോള ഭീകരപ്രസ്ഥാനത്തെ ധനകാര്യാധിനിവേശത്തിന്റെ ഇടപെടലായി വിലയിരുത്തിക്കൊണ്ട്, ഭീകരവാദവിരുദ്ധ ജനകീയ പ്രതിരോധം രൂപപ്പെടുത്തേണ്ടത് ഇടതുപക്ഷ സാംസ്കാരിക പ്രവർത്തനത്തിന്റെ തന്ത്രപരമായ കടമയായിത്തീരുന്നു.

ഉപസംഹാരം

കേരളത്തിന്റെ രാഷ്ട്രീയമണ്ഡലം തങ്ങൾക്കനുകൂലമാക്കി മാറ്റിയെടുത്ത രാഷ്ട്രാന്തരീയ കോർപ്പറേറ്റ് മൂലധന ശക്തികൾ സാംസ്കാരിക മണ്ഡലത്തിൽ അറുപിന്തിരിപ്പൻ വലതുപക്ഷ ആശയങ്ങൾ പുനരാനയിച്ചുകൊണ്ടുവരികയാണ്. ഒരു കാലത്ത് ഇടതുപക്ഷ ചേരിയിലണിനിരന്ന സാംസ്കാരിക പ്രവർത്തകർപോലും നിർലജ്ജം സാമ്രാജ്യത്വ ആശയപ്രചാരകരായി ഇന്ന് മാറിയിരിക്കുന്നു.

ബ്രിട്ടീഷ് കോളോണിയൽ വിരുദ്ധ രാഷ്ട്രീയത്തിന്റെയും സംസ്കാരത്തിന്റെയും കരുത്തുറ്റ ആശയങ്ങൾ പ്രചരിപ്പിച്ചിരുന്നവയടക്കമുള്ള മുഖ്യധാരാ മാധ്യമങ്ങൾ കൾച്ചറൽ ഇംപീരിയലിസത്തിന്റെ പതാകാ വാഹകരാവുകയും ഉത്തരാധുനിക സൈദ്ധാന്തികാവിഷ്കാരങ്ങളാൽ ബൗദ്ധിക ചർച്ചയെ ബോധപൂർവ്വം വഴിതെറ്റിക്കുകയും അങ്ങിനെ രാഷ്ട്രീയ പ്രതിരോധത്തെ നിർവ്വീര്യമാക്കിത്തീർക്കുകയും ചെയ്യുന്ന പിന്തിരിപ്പൻ ദൗത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്.

ധനകാര്യാധിനിവേശം ഭരണാധികാരികളേയും രാഷ്ട്രീയനേതൃത്വത്തെയും സാംസ്കാരിക-കലാസാഹിത്യ രംഗങ്ങളിലെ പ്രവർത്തകരെയും ബുദ്ധിജീവികളെയും ചലച്ചിത്ര പ്രവർത്തകരെയും ആക്ടിവിസ്റ്റുകളെയുമെല്ലാം ആഗോളമൂലധനത്തിന്റെ വിടുവേലക്കാരാക്കി മാറ്റിത്തീർത്തിരിക്കുന്നു.

കലയും സാഹിത്യവുമെല്ലാം ഒരുകാലത്ത് ജനകീയ പ്രതിരോധത്തിന്റെ കരുത്തുറ്റ ഉപാധികൾ ആയിരുന്നെങ്കിൽ വർത്തമാനകാലത്ത് മതപുനരുത്ഥാന വാദവും സാമ്രാജ്യത്വ അരാജകവാദനിലപാടും പ്രചരിപ്പിക്കുന്ന അങ്ങേയറ്റം പ്രതിലോമപരതയുടെ പ്രതി പ്രയാണത്തിലാണ്.

അങ്ങേയറ്റം കേന്ദ്രീകൃതവും സൈനികവൽക്കൃതവും ഹൃദയശൂന്യമായ മനുഷ്യവേട്ടയിലധിഷ്ഠിതവുമായ സാമ്രാജ്യത്വ മൂലധനവ്യവസ്ഥ ഒരന്യവത്കൃത അധികാരശക്തിയെന്ന നിലയിൽ ലോകജനതയുടെ പൊതു ശത്രുവായി മാറിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ടു തന്നെ ജീവിതത്തെ മനുഷ്യോചിതമാക്കാൻ മനുഷ്യന്റെ മഹത്വവും ക്രീയാത്മകതയും ഈ ഭൂമുഖത്ത് സ്ഥാപിച്ചുറപ്പിക്കാൻ സാമ്രാജ്യത്വമെന്ന ഈ ഭീകരയാഥാർത്ഥ്യത്തെ തകർക്കേണ്ടതുണ്ട്.

എന്നാൽ സാമ്രാജ്യത്വാശയ പ്രചാരകരായി മാറിക്കഴിഞ്ഞ നമ്മുടെ ബുദ്ധിജീവികളും സാംസ്കാരിക പ്രവർത്തകരും സാമ്രാജ്യത്വത്തിന്റെ സർവ്വനാശം ലക്ഷ്യമിടുന്ന മാർക്സിസത്തെ ബൃഹദാഖ്യാനമെന്നു പറഞ്ഞും വർഗ്ഗസമരം കാലഹരണപ്പെട്ട ആശയമെന്ന് പരിഹസിച്ചും ബൂർഷ്വാ ആശയമണ്ഡലത്തെ പരിരംഭണം ചെയ്യുന്നു.

'ജനാധിപത്യം', 'ബഹുത്വം', 'ഉദാരത', 'മൂല്യം', 'അന്തഃസ്ഥിത കലാപോന്മുഖത'തുടങ്ങിയ ആശയവാദചപ്പടാച്ചികൾകൊണ്ട് പൊരുതുന്ന ജനതയുടെ സമരശേഷിയെ ശിഥിലീകരിക്കാനുള്ള തീവ്രശ്രമത്തിലാണ് ഈ ദല്ലാൾ സാംസ്കാരിക പ്രവർത്തകരും ബുദ്ധിജീവികളും.

സ്വത്വവാദം, സ്ത്രീവാദം, ജാതിവാദം, ലിംഗവാദം, ദേശീയത തുടങ്ങിയ പരികല്പനകൾ വിപ്ലവോന്മുഖ നിലപാടുകൾ എന്ന നാട്യത്തിൽ അവതരിപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം സംഘടനകൾ രൂപീകരിച്ച് നവസാമൂഹ്യ പ്രസ്ഥാനങ്ങൾ എന്നപേരിൽ സാമ്രാജ്യത്വ ഫണ്ടിംഗിലൂടെ സാമ്രാജ്യത്വ വിരുദ്ധ സമര മുന്നണിയിൽ ശൈഥില്യമുണ്ടാക്കുന്ന പ്രതിലോമ ദൗത്യം നിർവ്വഹിക്കുന്നു.

ലോകജനതയുടെ ധീരവും പ്രത്യാശാഭരിതവുമായ സ്വപ്നങ്ങൾക്കുമേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് ഭീഷണസാന്നിധ്യമായി നിലനിൽക്കുന്ന സാമ്രാജ്യത്വ മൂലധന വ്യവസ്ഥ ചരിത്രപരമായ കാരണങ്ങളാൽ രൂപപ്പെട്ടുവന്നതാണ്. ഉല്പാദനോപാധികൾക്കു മേൽ നിയന്ത്രണം സ്ഥാപിക്കപ്പെട്ടതിനു ശേഷം ഏറ്റവും ബൃഹത്തും വിപുലീകൃതവുമായ ഒരധികാര വ്യവസ്ഥയെന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഇതിന്റെ തകർച്ചയും ചരിത്രപരമായ ഒരനിവാര്യതയാണ്. സർവ്വരാജ്യത്തൊഴിലാളികളെ സംഘടിക്കുവിൻ എന്ന മുദ്രാവാക്യം കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലൂടെ മുന്നോട്ടു വെക്ക

പ്പെട്ടതിലൂടെ ആഗോള കേന്ദ്രീകൃത മൂലധനവും ലോകജനതയുടെ അധ്വാനശക്തിയും തമ്മിലുള്ള വൈരുധ്യത്താൽ സാമ്രാജ്യത്വത്തിന്റെ തകർച്ചയുടെ അനിവാര്യത മാർക്സും ഏംഗൽസും ദീർഘ ദർശനം ചെയ്തിരുന്നു.

എന്നാൽ ധനകാര്യ അധനിവേശത്തിലൂടെ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിൽപ്പോലും കടന്നുകയറി അതിനെ ശൈഥില്യത്തിലേക്കു നയിക്കുന്ന വിധത്തിൽ സാമ്രാജ്യത്വം താൽക്കാലിക വിജയം നേടിയിട്ടുണ്ടെങ്കിലും ചരിത്രവികാസത്തിൽ ഇത്തരം ജനവിരുദ്ധ രാഷ്ട്രീയ ക്രമത്തിനു പിടിച്ചുനിൽക്കാനാവില്ലെന്നതിന്റെ സൂചനകൾ സമീപകാല സാമ്പത്തിക പ്രതിസന്ധിയിലൂടെ അനാവരണം ചെയ്യപ്പെട്ടിരിക്കുകയാണ്.

സാമ്രാജ്യത്വ മൂലധനശക്തികൾ പൊരുതുന്ന ജനകീയ പ്രസ്ഥാനങ്ങളെ ശിഥിലീകരിക്കുന്നതിനുള്ള സമർത്ഥമായ തന്ത്രങ്ങൾ ആവിഷ്കരിക്കുമ്പോൾ ഏറ്റവും വിശാലവും ജനാധിപത്യപരവുമായ കേന്ദ്രീകൃത ജനകീയ ശക്തി എങ്ങനെ രൂപപ്പെടുത്താമെന്ന കാര്യം ഗൗരവപൂർവ്വം നാം ചിന്തിക്കേണ്ടതുണ്ട്.

ജാതി-ജന്മി-നാടുവാഴിത്തവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന സാമ്രാജ്യത്വമൂലധന വ്യവസ്ഥയെ തകർത്തെറിയണമെങ്കിൽ തദ്ദേശീയ രംഗത്ത് ഇതിന്റെ നടത്തിപ്പുകാരായി മാറിയിട്ടുള്ള ദല്ലാൾ ഉദ്യോഗസ്ഥമേധാവിത്വ ബൂർഷ്വാ വർഗ്ഗങ്ങളെയും ദല്ലാൾ രാഷ്ട്രീയ നേതൃത്വങ്ങളെയും ഇതുമായി കൂട്ടുചേർന്ന് പ്രവർത്തിക്കുന്ന സാമ്പത്തിക അധികാരശ്തികൾക്കെതിരെയും വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം അനിവാര്യമാണ്. ഇത്തരമൊരു പോരാട്ടത്തിനു സഹായകരമായ അന്തരീക്ഷമൊരുക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് സാംസ്കാരിക മണ്ഡലത്തിനു നിർവ്വഹിക്കാനാവുക.

ഈ ദിശയിൽ വിശാലമായ ഒരു സാംസ്കാരിക ഐക്യമുന്നണിയെക്കുറിച്ച് ആലോചിക്കുന്നതിനുള്ള സമയമായിരിക്കുന്നു. സാമ്രാജ്യവിരുദ്ധവും ജാതി-ജന്മിനാടുവാഴിത്ത അവശിഷ്ടങ്ങൾക്കെതിരെയും ജനകീയ ഐക്യം ശിഥിലമാക്കുന്ന മത-വർഗ്ഗീയ പിന്തിരിപ്പൻ ശക്തികൾക്കെതിരെയും സാമ്രാജ്യത്വ ഫണ്ടിംഗിലൂടെ പ്രവർത്തിക്കുന്ന എൻ.ജി.ഒ. സംഘങ്ങൾക്കും അതിന്റെ സൈദ്ധാന്തികർക്കും എതിരെയും വിട്ടുവീഴ്ചയില്ലാത്ത രാഷ്ട്രീയ നിലപാട് ഉയർത്തിപ്പിടിക്കുന്ന സംഘടനകൾക്കും വ്യക്തികൾക്കും ഒത്തുചേരാൻ കഴിയുന്ന വിശാലമായ ഒരു സാംസ്കാരിക ഐക്യമുന്നണി കാലഘട്ടത്തിന്റെ ചരിത്രപരമായ ഒരനിവാര്യതയായി മാറിയിരിക്കുന്നു എന്ന തിരിച്ചറിവിൽ നിന്നാണ് ഈ ദിശയിലുള്ള പ്രവർത്തനങ്ങൾക്കായുള്ള ഈ നയരേഖ ചർച്ചയ്ക്കായി അവതരിപ്പിക്കുന്നത്.